# കേരള സർവകലാശാല

നം.പി.ആർ.238/2016

ഫോൺ : 2305738

## പത്രക്കുറിപ്പ്

### പുതുക്കിയ പരീക്ഷാതീയതി

കേരള സർവകലാശാല ഡിസംബർ 20-ന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.എ/ബി.എസ് സി/ബി.കോം (സി.ബി.സി.എസ്.എസ് - 2013 മുതലുള്ള അഡ്മിഷൻ) പരീക്ഷ ഡിസംബർ 23 രാവിലെ 9.30 മുതൽ 12.30 വരെയും ഡിസംബർ 22-ന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.എ/ബി.എസ് സി/ബി.കോം (സി.ബി.സി.എസ്.എസ് - 2013 മുതലുള്ള അഡ്മിഷൻ) പരീക്ഷ 2017 ജനുവരി മൂന്ന് ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെയും

ഡിസംബർ 20-ന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.എ/ ബി.എസ്സി/ ബി.കോം/ ബി.ബി.എ/ ബി.സി.എ/ ബി.പി.എ/ ബി.എസ്.ഡബ്ല്യു/ ബി.വോക് (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് - 2013 മുതലുള്ള അഡ്മിഷൻ) പരീക്ഷ ഡിസംബർ 23 രാവിലെ 9.30 മുതൽ 12.30 വരെയും ഡിസംബർ 22-ന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.എ/ ബി.എസ്സി/ ബി.കോം/ ബി.ബി.എ/ ബി.സി.എ/ ബി.പി.എ/ ബി.എസ്.ഡബ്ല്യു/ ബി.വോക് (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് - 2013 മുതലുള്ള അഡ്മിഷൻ) പരീക്ഷ 2017 ജനുവരി മൂന്ന് ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെയും നടത്തും. പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

ഡിസംബർ ഒന്നിന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ (സി.ബി.സി.എസ്.എസ് - 2013 മുതലുള്ള അഡ്മിഷൻ) പരീക്ഷ 2017 ജനുവരി അഞ്ച് ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെയും

ഡിസംബർ 23-ന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് ആൻഡ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്/ കമ്മ്യൂണിക്കേറ്റീവ് അറബിക് (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് - 2013-ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷ 2017 ജനുവരി അഞ്ച് ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെയും നടത്തും. പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

### സമ്പർക്കക്ലാസ് ഇല്ല

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിന്റെ കാര്യവട്ടം കാമ്പസ്, കൊട്ടാരക്കര, ആലപ്പുഴ എന്നീ കേന്ദ്രങ്ങളിൽ ഡിസംബർ 17, 18 തീയതികളിൽ സമ്പർക്കക്ലാസ് ഉണ്ടായിരിക്കില്ല.

### എം.ബി.എ/ബി.ബി.എ സമ്പർക്കക്ലാസ്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭഗം പാളയം കാമ്പസിൽ നടത്തുന്ന എം.ബി.എ/ബി.ബി.എ ക്ലാസുകൾ ഡിസംബർ 18-ന് ഉണ്ടായിരിക്കും.

### അസിസ്റ്റന്റ് പ്രൊഫസർ ഒഴിവ്

കേരള സർവകലാശാല സംഗീത പഠനവകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചു. അവസാന തീയതി ഡിസംബർ 24. വിശദമായ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.ബി.എ ഫലം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം മൂന്നാം സെമസ്റ്റർ ബി.ബി.എ (2014 അഡ്മിഷൻ & 2013 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാഫലം എസ്.ഡി.ഇ ഓഫീസിൽ ലഭിക്കും.

## ജൈവ ക്രിസ്മസ് കേക്ക് പരിശീലനം

കേരള സർവകലാശാല ഗാന്ധിയൻ പഠനകേന്ദ്രവും നാഷണൽ സർവ്വീസ് സ്കീമും സംയുക്തമായി വിവിധ തരം ജൈവ കേക്ക് നിർമ്മാണത്തിൽ ഡിസംബർ 20, 21 തീയതികളിൽ സൗജന്യ പരിശീലനം നടത്തുന്നു. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർവകലാശാല ഗാന്ധിയൻ പഠനകേന്ദ്രം സർട്ടിഫിക്കറ്റ് നൽകും. പി.എം.ജിയിലെ സർവകലാശാല സ്റ്റുഡന്റ് സെന്ററിൽ രാവിലെ 10 മണിമുതൽ നാല് മണിവരെയായിരിക്കും പരിശീലനം. താൽപര്യമുള്ളവർ കോ-ഓർഡിനേറ്റർ, കേരള സർവകലാശാല, ഗാന്ധിയൻ പഠനകേന്ദ്രം എന്ന വിലാസത്തിലോ 9447040831, 0471-2305663 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

## ബി.ടെക് പരീക്ഷ മാറ്റി

കേരള സർവകലാശാല ഡിസംബർ 19-ന് തുടങ്ങാനിരുന്ന ഏഴ്, അഞ്ച് സെമസ്റ്റർ ബി.ടെക് (2013 സ്കീം) പരീക്ഷ മാറ്റി. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

## ദേശീയ സെമിനാർ

കേരള സർവകലാശാല കാര്യവട്ടം സുവോളജി പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 19 മുതൽ 21 വരെ ഒമിക്സ് ആൻഡ് ബയോമാർക്കർ അനാലിസിസ്: ഇൻ ഡിസീസ് പാത്തോളജി 2.0 ആൻഡ് യംഗ് ഇൻവെസ്റ്റിഗേറ്റേഴ്സ് റിട്രീറ്റ് എന്ന വിഷയത്തിൽ നടത്തുന്ന നാഷണൽ സെമിനാർ പ്രോ-വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ ഉദ്ഘാടനം ചെയ്യും. സയന്റിസ്റ്റുകൾ, വിവിധ കോളേജുകൾ മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ദേശീയ സെമിനാർ നടത്തി

കേരള സർവകലാശാല നിയമപഠന വകുപ്പിലെ ഡോ. ബി.ആർ അംബേദ്കർ ചെയർ നടത്തിയ വൈദ്യശാസ്ത്രവും നിയമവും എന്ന വിഷയത്തിലെ ദേശീയ സെമിനാർ കൽക്കട്ട ദേശീയ നിയമശാസ്ത്ര പഠന സർവകലാശാലയിലെ പ്രൊഫ. സന്ദീപ ഭട്ട് ഉദ്ഘാടനം ചെയ്തു. നിയമ ഫാക്കൽറ്റി ഡീൻ ഡോ. കെ.സി സണ്ണി ആദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ മെഡിക്കൽ വിദ്യാഭ്യാസ മുൻ ഡയറക്ടർ ഡോ. ശിവശങ്കരപ്പിള്ള മുഖ്യപ്രഭാഷണം നടത്തി.

**സർവകലാശാല മന്ദിരം,**

തിരുവനന്തപുരം.

16.12.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in